**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4287** | **09-08-2021 - ൽ മറുപടിയ്ക്ക്**

**കരിയർ ഡെവലപ്മെന്റ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ അനുബന്ധമായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്; കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെ കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കും എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, വോക്ക്-ഇൻ-ഇന്റർവ്യൂ മത്സര പരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. |
| (ബി) | ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പുതുതായി കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ആരംഭിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ? | (സി) | എല്ലാ ജില്ലകളിലും സിഡിസി-കൾ ആരംഭിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട്, പാലക്കാട്, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ സിഡിസി കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിലും, കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിലും സിഡിസി കളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. മറ്റു ജില്ലകളിൽ സ്ഥലം/ സർക്കാർ കെട്ടിടത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് കരിയർ ഡെവലപ്‌മെന്റ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റെൻഷൻ യൂണിറ്റുകളായി ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പമാണ് കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ ആരംഭിക്കാറുള്ളത്. സർക്കാർ വക കെട്ടിടത്തിൽ 3000-4000 ചതുരശ്ര അടി സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ചു കരിയർ ഡെവലപ്‌മെന്റ് സെന്റർ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ